Australian Government
Department of Health

**BE COVIDSAFE**

# ഞാൻ ഒരു മാസ്ക്ക് ധരിക്കേണ്ടതുണ്ടോ?

സമൂഹ വ്യാപനമുള്ള പ്രദേശങ്ങളിൽ COVID-19-ൽ നിന്ന് പരിരക്ഷിനൽകുന്നതിനുള്ള അധിക മുൻകരുതൽ മാർഗ്ഗമാണ് മാസകുകൾ. മാസ്ക്ക് ശുപാർശകളെയും ആവശ്യകതകളെയും കുറിച്ച് നിങ്ങളുടെ പ്രാദേശിക സംസ്ഥാന, പ്രവിശ്യാ സർക്കാരുകളുടെ ഉപദേശങ്ങൾ പരിശോധിക്കുക. പൊതുഗതാഗതം പോലുള്ള ശാരീരിക അകലം പാലിക്കാൻ ബുദ്ധിമുട്ടുള്ള ഒരു സാഹചര്യത്തിലാണെങ്കിൽ, നിങ്ങൾക്ക് മാസ്ക്ക് ധരിക്കാവുന്നതാണ്.

## COVID രഹിതമായി തുടരുന്നതിന്:

- നിങ്ങളുടെ കൈകൾ കഴുകുകയോ സാനിറ്റൈസ് ചെയ്യുകയോ ചെയ്യുക
- ശാരീരിക അകലം പാലിക്കുക (1.5m)
- നിങ്ങളുടെ COVID-19 വാക്സിനേഷനുകൾ അപ്റ്റുഡേറ്റായി പാലിക്കുക
- നിങ്ങൾക്ക് സുഖമില്ലെങ്കിൽ വീട്ടിൽ തന്നെ കഴിയുകയും പരിശോധനയ്ക്ക് വിധേയമാകുകയും ചെയ്യുക.



നിങ്ങൾ ഒരു മാസ്ക്ക് ധരിക്കാൻ തീരുമാനിച്ചാൽ:

✓ മാസ്ക്ക് ധരിക്കുന്നതിന് മുമ്പ് കൈ കഴുകുക




✓ മാസ്ക്ക് നിങ്ങളുടെ മൂക്കും വായയും മറയ്ക്കുകയും, ഇത് നിങ്ങളുടെ താടിയിലും, മൂക്കിന്റെ പാലത്തിന് മുകളിലൂടെയും, നിങ്ങളുടെ മുഖത്തിന്റെ വശങ്ങളിലും നന്നായി ഒട്ടിച്ചേർന്ന് ഇരിക്കുന്നുണ്ടെന്നും ഉറപ്പാക്കുക.



✓ മാസ്ക്ക് ധരിക്കുമ്പോഴോ നീക്കംചെയ്യുമ്പോഴോ അതിന്റെ മുൻഭാഗത്ത് സ്പർശിക്കരുത്. നിങ്ങൾ മാസ്ക്കിൽ സ്പർശിക്കുകയാണെങ്കിൽ, നിങ്ങളുടെ കൈകൾ ഉടൻ കഴുകുകയോ സാനിറ്റൈസ് ചെയ്യുകയോ ചെയ്യുക. മാസ്ക്ക് നിങ്ങളുടെ താടിയിലോ കഴുത്തിലോ തൂങ്ങാൻ അനുവദിക്കരുത്.



✓ മാസ്ക്ക് നീക്കം ചെയ്ത ശേഷം കൈ കഴുകുകയോ സാനിറ്റൈസ് ചെയ്യുകയോ ചെയ്യുക.



✓ ഉപയോഗത്തിന് ശേഷമോ കുറഞ്ഞത് ദിവസത്തിൽ ഒരിക്കലോ തുണി മാസ്ക്കുകൾ കഴുകുക



***സിംഗിൾ-യൂസ് മാസ്ക്കുകൾ വീണ്ടും ഉപയോഗിക്കരുത്, അവ ഉപയോഗിച്ച ഉടൻ ഉപേക്ഷിക്കണം.**

**സുപ്രധാനം:** വിട്ടുമാറാത്ത ശ്വാസ സംബന്ധമായ അസുഖമുള്ള ആളുകൾ മാസ്ക്ക് ഉപയോഗിക്കുന്നതിന് മുമ്പ് വൈദ്യോപദേശം തേടണം.

കൂടുതൽ വിവരങ്ങൾക്ക്, **1800 020 080** എന്ന നമ്പറിൽ National Coronavirus Helpline-ൽ വിളിച്ച് ദ്വിഭാഷി സേവനങ്ങൾക്കായി **ഓപ്ഷൻ 8** തിരഞ്ഞെടുക്കുക, അല്ലെങ്കിൽ **www.health.gov.au** സന്ദർശിക്കുക

0000185